**പതിമൂന്നാം കേരള നിയമ സഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2210** 22.01.2014 ൽ മറുപടിയ്ക്ക്

**കൊച്ചി മെട്രോ നിർമ്മാണത്തിനായി വായ്പ**

ചോദ്യം — ഉത്തരം

ശ്രീ.കെ.സുരേഷ് കുറുപ്പ് — ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ നിർമ്മാണത്തിനായി ഏത് ഏജൻസിയുടെ വായ്പ വാങ്ങണം എന്ന കാര്യത്തിൽ തീരുമാനം ആയിട്ടുണ്ടോ; എങ്കിൽ വായ്പ തുക എത്ര, പലിശ എത്ര; എത്ര കാലയളവിലേയ്ക്കാണ് വായ്പ വാങ്ങുന്നത്; ഇന്ത്യൻ രൂപയിൽ ഇന്നത്തെ നിലയിൽ പലിശ എത്ര ശതമാനമായിരിക്കും; | (എ) | ഉണ്ട്. വായ്പതുക-2170 കോടി രൂപയാണ്. ഫ്രഞ്ച് വികസന ഏജൻസിയായ Agence Francaise de Development (A.F.D), കാനറ ബാങ്ക് എന്നീ രണ്ട് ഏജൻസികളിൽ നിന്നാണ് വായ്പ എടുക്കുന്നത്. ഫ്രഞ്ച് വികസന ഏജൻസിയിൽ നിന്നെടുക്കുന്ന 180 മില്യൻ യൂറോ വായ്പ (ഇപ്പോഴുള്ള എക്സ്ചേഞ്ച് റേറ്റ് അനുസരിച്ച് 1500 കോടി രൂപ)യ്ക്ക് ആറുമാസത്തേയ്ക്കുള്ള പലിശ - Euro Inter Bank Offered Rate (EURIBOR) ശതമാനം + 1.55% ആണ്. കാലാവധി 25 വർഷമാണ്. ഇന്ത്യൻ രൂപയിലും ഇതേ പലിശ നിരക്ക് തന്നെയാണ്. കാനറാ ബാങ്ക് 1170 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പലിശ അടിസ്ഥാന പലിശ + 0.85% ആണ്. ഈ തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് ആവശ്യാനുസരണം വായ്പ എടുക്കാൻ കഴിയും. 19.5 വർഷം ആണ് കാലാവധി. പലിശ നിരക്ക് ഇന്ത്യൻ രൂപയിൽതന്നെയാണ്. |
| (ബി) | വായ്പ ലഭിക്കാൻ സാധ്യതയുണ്ടായിരുന്ന മറ്റ് ഏജൻസികൾ ഏതെല്ലാമായിരുന്നു; ഏതെല്ലാം ഏജൻസികളുമായി ചർച്ച നടത്തുകയുണ്ടായി; | (ബി) | ജൈക്ക, ഹഡ്കോ, എസ്.ബി.ടി, എസ്.ബി.ഐ, ഫെഡറൽ ബാങ്ക് യൂണിയൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, ഐ.ഐ.എഫ്.സി.എൽ, ഐ.ഡി.എഫ്.സി., പഞ്ചാബ് നാഷണൽ ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക്, ആക്സിസ് ബാങ്ക്, എച്ച്.ഡി.എഫ്.സി.ബാങ്ക്, ഐ.എഫ്.സി.ഐ. ബാങ്ക്, കാനറാ ബാങ്ക് എന്നിവയാണ് വായ്പ ലഭിക്കാൻ സാധ്യതയുണ്ടായിരുന്ന മറ്റ് ഏജൻസികൾ. മേൽപ്പറഞ്ഞ എല്ലാ ഏജൻസികളുമായും ചർച്ച നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പലിശ നിരക്ക് കുറവായ ദീർഘകാല വായ്പകളെ ആശ്രയിക്കുകയോ പൊതുവിപണിയിൽ നിന്ന് ബോണ്ടുകളോ, ഷെയറുകളോ മുഖേന ധനം സമാഹരിക്കാനോ സർക്കാർ ആലോചിച്ചിട്ടുണ്ടായിരുന്നോ; | (സി) | കൊച്ചി മെട്രോ പദ്ധതിക്കു വേണ്ടി ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന വായ്പകൾ തന്നിരിക്കുന്ന കാലയളവിലേയ്ക്കും തുകയ്ക്കും നിലവിൽ ലഭിക്കാവുന്ന ഏറ്റവും അനുയോജ്യമായ നിരക്കിലുള്ള വായ്പകളാണ്. ബോണ്ടുകളും ഷെയറുകളും വഴിയുള്ള ധനസമാഹരണം നിലവിലെ അവസ്ഥയിൽ പ്രായോഗികമല്ല. |
| (ഡി) | ജപ്പാൻ നാഷണൽ ബാങ്കായ ജൈക്കയിൽ നിന്ന് കുറഞ്ഞ നിരക്കിൽ വായ്പ ലഭിക്കാനുള്ള സാധ്യത ഉണ്ടായിരുന്നുവോ: വിശദാംശം നൽകുമോ? | (ഡി) | ജൈക്കയുമായി ഇതു സംബന്ധിച്ച ചർച്ചകൾ നടത്തുകയും അപേക്ഷ സമർപ്പിക്കുകയും ഉണ്ടായെങ്കിലും അനുകൂലമായ പ്രതികരണം ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ